വിശ്വാസപരിശീലനകേന്ദ്രം

Caticorp സോഫ്റ്റ്വെയർ അപ്ഡേഷൻ

Caticorp Software-ൽ Add ചെയ്യേണ്ടതായ നിർദ്ദേശങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ നൽകുമല്ലൊ. ഇടവകയിലെ Catechism Staff ഉം ആയി ചർച്ച ചെയ്ത് അഭിപ്രായം ഇ-മെയിൽ വഴി (ഒരു ഇടവകയിൽനിന്ന് ഒരെണ്ണം) അറിയിക്കുമല്ലൊ. E-mail: **catechismernakulam@gmail.com**

ക്രിസ്മസ് ഹൃദ്യമാക്കാൻ

A) "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹന്നാൻ 3:16). ഇമ്മാനുവൽ ആയ ദൈവത്തെ സ്വീകരിക്കാൻ നാം ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലൊ. ഇതിന് സഹായകമായ ചില പ്രോഗ്രാമുകൾ താഴെ നൽകുന്നു. ഇടവകയ്ക്ക് അനുയോജ്യമായത് തെരഞ്ഞെടുത്തു ചെയ്യുമല്ലൊ.

1. **ഇൻലെന്റ് ക്രിസ്മസ് ദൂത് (സ്മൃതി – Memories)**: സമൂഹമാധ്യമങ്ങളുടെ അതിപ്രസരംമൂലം അസ്തമിച്ചുകൊണ്ടിരിക്കുന്ന ഒരു നല്ല ശീലമാണ് ഇൻലെന്റ് എഴുത്ത്. ഒരു ഇൻലെന്റ് കിട്ടുമ്പോഴും അത് വായിക്കുമ്പോഴും ലഭിക്കുന്ന സന്തോഷം ഒരു സമൂഹമാധ്യമ സന്ദേശത്തെക്കാൾ പതിന്മടങ്ങാണ്. ഈ ക്രിസ്മസിന് പ്രതീക്ഷിക്കാത്ത ഒരാൾക്ക് ക്രിസ്മസ് ആശംസകൾ നേർന്നുകൊണ്ട് ഒരു ഇൻലെന്റ് അയയ്ക്കുന്നത് മനോഹരമായിരിക്കും. ആ വ്യക്തിക്ക് ലഭിക്കുന്ന ഏറ്റവും വ്യത്യസ്തമായ ക്രിസ്മസ് സമ്മാനമായിരിക്കും അത്. ഇൻലെന്റ് നേരിട്ട് കൈയിൽ കൊടുക്കാതെ പോസ്റ്റ് വഴി നൽകുന്നതാണ് ഉചിതം.

2. **ABCD - Any Body Can Dance** (കുട്ടികൾക്കായുള്ള Dance Competition)
    1. ക്രിസ്മസ് ഗാനങ്ങളായിരിക്കണം തെരഞ്ഞെടുക്കേണ്ടത്.
    2. ഒന്നിലധികം ഗാനങ്ങൾ ഫ്യൂഷൻ ആയി ഉപയോഗിക്കാം.

3. ഏത് ഭാഷയിലെയും ഗാനം ഉപയോഗിക്കാം.
4. കുറഞ്ഞത് 3 പേരെങ്കിലും വേണം.
5. 1 മിനിറ്റിൽ കുറയരുത്, 3 മിനിറ്റിൽ കൂടരുത്.
6. ഡ്രസ്സ് കോഡിന് മാർക്ക് ഉണ്ട്.
7. ഒരു ഇടവകയിൽനിന്നും ഒന്നിലധികം ഡാൻസ് ഗ്രൂപ്പുകൾ ആകാം.
8. ഒരു ഇടവകയിൽനിന്നും ഏറ്റവും നല്ല ഒരു ഡാൻസ് വിശ്വാസപരിശീലന കേന്ദ്രഓഫീസിലേക്ക് അയയ്ക്കുക.
9. വിശ്വാസപരിശീലന കേന്ദ്രഓഫീസിലേക്ക് അയയ്ക്കുന്ന എൻട്രിയ്ക്ക് വികാരിയച്ചന്റെ അംഗീകാരം ഉണ്ടാകണം.
10. വീഡിയോ ഷൂട്ട് ചെയ്തത് വിശ്വാസപരിശീലന കേന്ദ്രഓഫീസിലേയ്ക്ക് അയയ്ക്കുന്നതിൽനിന്ന് വിജയികളെ പ്രഖ്യാപിക്കുന്നതാണ്.
11. അയയ്ക്കേണ്ട E-Mail: mediacatecheticalministry@gmail.com
12. അയയ്ക്കേണ്ട അവസാന തീയതി : ഡിസംബർ 15-ന് മുൻപ്.

3. **മഷി (Ink)**: 'A Milli of Ink Makes a Million Think' എന്ന ഒരു ആംഗ്ലിക്കൻ ചൊല്ലുണ്ട്. വിശ്വാസപരിശീലകർക്കുവേണ്ടിയുള്ള മത്സരമാണ് 'മഷി'.
1. ക്രിസ്മസുമായി ബന്ധപ്പെട്ട അതിന്റെ സന്ദേശം ഉൾക്കൊള്ളുന്ന സ്വന്തമായിട്ടുള്ള ചിന്തകൾ കുറിക്കുക.
2. പരമാവധി 10 വരികൾ.
3. ആശയങ്ങൾ കടമെടുക്കാമെങ്കിലും സ്വന്തം വാക്കുകളിലായിരിക്കണം.
4. മലയാളത്തിലും ഇംഗ്ലീഷിലും ഹിന്ദിയിലും ഇവ കുറിക്കാം.
5. ഒരു ഇടവകയിൽനിന്നും ഏറ്റവും നല്ല മൂന്ന് കുറിപ്പുകൾ വിശ്വാസപരിശീലന കേന്ദ്രഓഫീസിലേയ്ക്ക് അയയ്ക്കുക.
5. ഏറ്റവും നല്ല കുറിപ്പുകൾക്ക് അതിരൂപതാതലത്തിൽ സമ്മാനമുണ്ടായിരിക്കും.
6. വിശ്വാസപരിശീലന കേന്ദ്രഓഫീസിലേക്ക് അയയ്ക്കുന്ന എൻട്രികൾക്ക് വികാരിയച്ചന്റെ അംഗീകാരം ഉണ്ടാകണം.
7. അയയ്ക്കേണ്ട E-Mail : domuscatekm@gmail.com
8. അയയ്ക്കേണ്ട അവസാന തീയതി : ഡിസംബർ 10-ന് മുൻപ്.

4. **Maktub (കത്ത്)**: കത്തുകളുടെ കാലമാണ് ക്രിസ്മസ്. എല്ലാ വർഷവും കുട്ടികൾക്കുള്ള സമ്മാനങ്ങളുമായി വരുന്ന ക്രിസ്മസ് അപ്പൂപ്പന് ഒരു കത്തെഴുതുകയെന്നതാണ് 'Maktub'.
    1. 1-4 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്കാണ് മത്സരം.
    2. എഴുതാനുള്ള കത്ത് സോഫ്റ്റ് കോപ്പിയായി വിശ്വാസപരിശീലന കേന്ദ്രഓഫീസിൽനിന്നും അയച്ചുതരുന്നതാണ്. അതിൽ എന്തൊക്കെ ചെയ്യണം എന്നുള്ളത് രേഖപ്പെടുത്തിയിട്ടുണ്ടാകും.
    3. അയച്ചു തരുന്ന കത്തിന്റെ കളർ പ്രിന്റ് അതത് ഇടവകയിൽ ആവശ്യാനുസരണം പ്രിന്റ് എടുത്ത് കുട്ടികൾക്ക് നൽകാം.
    4. ഇടവകയിലെ കുട്ടികളുടെ Strength അനുസരിച്ച് ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്നത് നല്ലതായിരിക്കും.
    5. ഒരു ഇടവകയിൽനിന്നും ഏറ്റവും നല്ല മൂന്ന് കത്തുകൾ വിശ്വാസപരിശീലന കേന്ദ്രഓഫീസിലേക്ക് അയച്ചുതരുക.
    6. വിശ്വാസപരിശീലന കേന്ദ്രഓഫീസിലേക്ക് അയയ്ക്കുന്ന എൻട്രികൾക്ക് വികാരിയച്ചന്റെ അംഗീകാരം ഉണ്ടാകണം.
    7. അതിൽനിന്നും വിജയികളെ കണ്ടെത്തും.
    8. എത്തിക്കേണ്ട അവസാന തീയതി : ഡിസംബർ 10-ന് മുൻപ്.
    9. എത്തിക്കേണ്ടത് വിശ്വാസപരിശീലന കേന്ദ്രഓഫീസിലേക്ക് നേരിട്ട് കൊണ്ടുവന്നു തരികയോ പോസ്റ്റുവഴി അയയ്ക്കുകയോ ചെയ്യുക.

5. **Lullaby (താരാട്ട്):** കാറ്റിക്കിസം കുട്ടികൾക്കായുള്ള ക്രിസ്മസ് കരോൾ ഗാനമത്സരമാണ് താരാട്ട്.
    1. ഇടവകയിൽനിന്നും 3 എൻട്രികൾ വരെ വരാം.
    2. ക്രിസ്മസ് ഗാനങ്ങളായിരിക്കണം. സ്വയം ചിട്ടപ്പെടുത്തിയതോ നിലവിലുള്ളതോ ആയ ഗാനങ്ങൾ ഉപയോഗിക്കാം.
    3. പരമാവധി സമയം 3 മിനിറ്റ്.
    4. വാദ്യോപകരണങ്ങൾ ഉപയോഗിക്കാം.
    5. കുറഞ്ഞത് 3 ആളുകൾ ഉണ്ടാകണം.
    6. ഡ്രസ്സ് കോഡിന് പ്രാധാന്യമുണ്ട്.

7. പാടുന്നത് വീഡിയോയാക്കി അയയ്ക്കണം.
8. ഏത് ഭാഷയിലും എത്ര പാട്ടും ഫ്യൂഷനായി ആലപിക്കാം.
9. ഇടവകയിൽനിന്നും ഏറ്റവും നല്ല ഒരു ഗാനം വിശ്വാസപരിശീലന കേന്ദ്രഓഫീസിലേക്ക് അയയ്ക്കുക.
10. വിശ്വാസപരിശീലന കേന്ദ്രഓഫീസിലേക്ക് അയയ്ക്കുന്ന എൻട്രികൾക്ക് വികാരിയച്ചന്റെ അംഗീകാരം ഉണ്ടാകണം.
11. വീഡിയോ ഷൂട്ട് ചെയ്തത് വിശ്വാസപരിശീലന കേന്ദ്രഓഫീസിലേക്ക് അയയ്ക്കുന്നതിൽനിന്ന് വിജയികളെ പ്രഖ്യാപിക്കുന്നതാണ്.
12. അയയ്ക്കേണ്ട E-Mail : domuscatekm@gmail.com
13. അയയ്ക്കേണ്ട അവസാന തീയതി : ഡിസംബർ 10-ന് മുൻപ്.

6. **No Mobile Campaign Day**

ഡിസംബർ 19-ന് (06.00 am - 06:00 pm 12 മണിക്കൂർ) മൊബൈൽ ഫോൺ ഉപയോഗിക്കാതെ ജീവിച്ചാലൊ! (കുറഞ്ഞത് സമൂഹ മാധ്യമങ്ങൾ എങ്കിലും). അടുത്ത കാലത്ത് മയക്കുമരുന്ന് Addiction എന്ന കുറിപ്പ് പത്രമാധ്യമങ്ങളിൽ നാം കാണുന്നുണ്ടെങ്കിലും അത് ഒരു വിഭാഗം ആളുകളിലാണ് കാണുന്നത്. എന്നാൽ, എല്ലാവരെയും ഒരുപോലെ ബാധിച്ചിരിക്കുന്ന ഒരു Addiction ആണ് മൊബൈൽ ഫോൺ. ഈ ഒരു ദിവസത്തിൽ ഒരുമണിക്കൂറെങ്കിലും ദൈവാലയത്തിൽ പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തുകയും വായനയിലും കുടുംബവുമായി സംസാരത്തിലും സമയം ചെലവിടാം. കുട്ടികളോടൊപ്പം മാതാപിതാക്കളും പങ്കുചേരുന്നത് ഉചിതമാണ്.

7. **സൃഷ്ടി:** ക്രിസ്മസിന് ഇത്തവണ നമ്മുടെ തന്നെ ഒരു കരവിരുത് ഉണ്ണീശോയ്ക്ക് സമ്മാനമായി നൽകിയാലോ.

- ക്രിസ്മസ് ട്രീയിൽ തൂക്കാവുന്നതോ, പുൽക്കൂട്ടിൽ വയ്ക്കാവുന്നതോ അലങ്കാരമായി ഉപയോഗിക്കാവുന്നതോ ആയ ഒരു കരവിരുത് (Gift/Decoration model) ഉണ്ടാക്കുക.
- ഏത് മെറ്റീരിയൽസ് ഉപയോഗിച്ചും അത് ഉണ്ടാക്കാം. പക്ഷേ, നമ്മുടെ കരവിരുതും അദ്ധ്വാനവും വേണം.
- ഏറ്റവും നല്ല കരവിരുതിന് സമ്മാനം ഉണ്ടായിരിക്കും. അത് ഇടവകയിൽനിന്നും നൽകേണ്ടതാണ്.

8. **Imprints (A Greeting Card for Catechism Teachers):** നിസ്വാർത്ഥമായി അദ്ധ്വാനിക്കുന്ന വിശ്വാസപരിശീലകർക്ക് ക്രിസ്മസ് ആശംസിക്കണ്ടേ! നിങ്ങൾതന്നെ രൂപകല്പന ചെയ്ത ഒരു ക്രിസ്മസ് ഗ്രീറ്റിങ് കാർഡ് പ്രിയപ്പെട്ട അദ്ധ്യാപകർക്ക് നൽകാം. അവർക്ക് ക്രിസ്മസ് ആശംസിക്കാം, നന്ദി അർപ്പിക്കാം, പ്രാർത്ഥിക്കാം. അവരിൽ കണ്ട ഏറ്റവും നല്ല ഒരു പുണ്യം അതിൽ എഴുതാം.

9. **ടാക്കീസ് (Talkies):** ക്രിസ്മസിനോടനുബന്ധിച്ച് കുട്ടികളെയും മറ്റും എല്ലാവരേയും ഒന്നിച്ചുകൂട്ടി ഒരു സിനിമ ഇടവകയിൽ പ്രദർശിപ്പിക്കുന്നത് നല്ലതായിരിക്കും. ഉദാഹരണത്തിന് സാന്താ ക്ലോസുമായി ബന്ധപ്പെട്ട 'ക്ലൗസ്' (KLAUS) എന്ന ആനിമേഷൻ സിനിമ നിർദ്ദേശിക്കുന്നു. മറ്റേതെങ്കിലും നല്ല ക്രിസ്മസ് സന്ദേശം നൽകുന്ന സിനിമകൾ ഉണ്ടെങ്കിൽ വിശ്വാസപരിശീലന കേന്ദ്രഓഫീസിൽ അറിയിക്കുകയാണെങ്കിൽ മറ്റ് ഇടവകകൾക്കും അറിയിപ്പു നൽകാൻ ഉപകാരപ്പെടും.

10. **Shepherd's Hymn (ഇടയഗാനം):** വിശ്വാസപരിശീലകരുടെ കരോൾഗാന മത്സരമാണ് ഇടയഗാനം.
    1. ഒരു ഇടവകയിൽനിന്നും ഒരു ടീം മാത്രം. ക്രിസ്മസ് ഗാനങ്ങൾ മാത്രമെ പാടുള്ളൂ.
    2. കുറഞ്ഞത് മൂന്നു പേര് ഉണ്ടാകണം ടീമിൽ.
    3. 4 മിനിറ്റ് മുതൽ 7 മിനിറ്റ് വരെ സമയം.
    4. വാദ്യോപകരണങ്ങൾ പാടില്ല.
    5. ഡ്രസ് കോഡിന് പ്രത്യേക മാർക്ക് ഇല്ല.
    6. ഏത് ഭാഷയിലെയും എത്ര പാട്ടും ഫ്യൂഷൻ ആയി പാടാം.
    7. ഗാനത്തിന്റെ വീഡിയോ ഷൂട്ട് ചെയ്ത് വിശ്വാസപരിശീലന കേന്ദ്രഓഫീസിലേക്ക് അയയ്ക്കണം.
    8. അയയ്ക്കേണ്ട E-Mail : domuscatekm@gmail.com
    9. വിജയികൾക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
    10. അയയ്ക്കേണ്ട അവസാന തീയതി : ഡിസംബർ 15-ന് മുൻപ്.

മത്സരവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക്: Contact: Fr. Jose Vadakkan - 6238612396, Catechism Office Number: 9400343930.

B) പ്രതിഭാസംഗമം: നമ്മുടെ അതിരൂപതയിൽ വിശ്വാസപരിശീലനം നടത്തുന്ന രണ്ടാം വർഷ ഡിപ്ലോമ കുട്ടികൾക്കായി പ്രതിഭാസംഗമം 2022 ഡിസംബർ 03-ാം തീയതി ശനിയാഴ്ച രാവിലെ 9.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ സംഘടിപ്പിക്കുന്നു. 16 ഫൊറോനകളിൽ നിന്നായി തെരഞ്ഞടുക്കപ്പെട്ടിരിക്കുന്ന കുട്ടികൾ രാവിലെ 9.00 മണിക്ക് റിന്യൂവൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്. സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം. (അൽഫോൻസ ഹാൾ, Near Catechism Dept. Office)

C) സന്മാർഗബോധന പൊതുപരീക്ഷ: 2023 ജനുവരി 06 മോറൽ എഡ്യൂക്കേഷൻ നടത്തുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള സന്മാർഗ ബോധന വാർഷിക പരീക്ഷയ്ക്ക് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകളാണ് ഉപയോഗിക്കേണ്ടത്.

പരീക്ഷാ തീയതി: **2023 ജനുവരി 6-ാം തീയതി വെള്ളിയാഴ്ച**

രാവിലെ 10.00 മണി മുതൽ 12.00 മണി വരെ (Std. V, VII, IX)
ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ (Std. IV, VI, VIII, X)

D) എലൈവ് & എൻലൈറ്റ് പരിപാടികൾ:

2022 ഡിസംബർ

04 ഞായർ : എൻലൈറ്റ് - കൊരട്ടി ഫൊറോന
10 ശനി : എൻലൈറ്റ് - കിഴക്കമ്പലം ഫൊറോന
11 ഞായർ : എൻലൈറ്റ് - ചേർത്തല ഫൊറോന
11 ഞായർ : എൻലൈറ്റ് - വൈക്കം ഫൊറോന
18 ഞായർ : എൻലൈറ്റ് - ഇടപ്പള്ളി ഫൊറോന
18 ഞായർ : എൻലൈറ്റ് - എറണാകുളം ഫൊറോന

2023 ജനുവരി

01 ഞായർ : എലൈവ് - കൊരട്ടി ഫൊറോന
02 തിങ്കൾ : എൻലൈറ്റ് - പറവൂർ ഫൊറോന

E) ഒന്നാം സെമസ്റ്റർ പരീക്ഷയുടെ റിസൾട്ട് : ഒക്ടോബർ 02-ാം തീയതി ഞായറാഴ്ച നടന്ന പത്താം ക്ലാസ്സിലെയും രണ്ടാം വർഷ ഡിപ്ലോമ കുട്ടികളുടെയും ഒന്നാം സെമസ്റ്റർ പരീക്ഷയുടെ റിസൾട്ട് കാറ്റിക്കോർപ്പിൽ നവംബർ 16-ാം തീയതി പബ്ളിഷ് ചെയ്തിട്ടുണ്ട്.

F) ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്: 2022-2023 അദ്ധ്യയന വർഷത്തിലെ കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ പങ്കെടുക്കുന്ന കുട്ടികൾ സമർപ്പിക്കേണ്ട അസൈൻമെന്റിന്റെ അവസാന തീയതി ഡിസംബർ 31.

G) 2022 നവംബർ മാസത്തിൽ നടന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:

12 ശനി : എൻലൈറ്റ് - സെന്റ് സേവ്യേഴ്സ് ചർച്ച്, കുത്തിയത്തോട്.

13 ഞായർ : എലൈവ് - സെന്റ് മേരീസ് ചർച്ച്, ആലങ്ങാട്.

20 ഞായർ : എലൈവ് - കറുകുറ്റി സെന്റ് ഫ്രാൻസീസ് സേവ്യർ ഫൊറോനപ്പള്ളി.

27 ഞായർ : എൻലൈറ്റ് - അസംപ്ഷൻ ചർച്ച്, നീലീശ്വരം.

എലൈവ് & എൻലൈറ്റ് പരിപാടികളായ ഈ ഏകദിന ശില്പശാലമുകളിൽ പറഞ്ഞിരിക്കുന്ന നാല് ഇടവകകളിൽ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിത്തന്ന ബഹു. വികാരിയച്ചന്മാർക്കും അവിടുത്തെ വിശ്വാസ പരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും ഫൊറോനാ കൗൺസിൽ അംഗങ്ങൾക്കും പ്രത്യേകം നന്ദി.

H) കാറ്റിക്കിസം ടീച്ചേഴ്സ് ഡേ: വിശ്വാസപരിശീലകരുടെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ചാൾസ് ബൊറോമിയൊയുടെ തിരുനാൾ ദിനം നവംബർ 04 വെള്ളിയാഴ്ച ആഘോഷിച്ചു. അതിരൂപത വിശ്വാസ പരിശീലന ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ എല്ലാ വിശ്വാസ പരിശീലകരെയും അനുമോദിച്ചുകൊണ്ട് catechismernakulam എന്ന YouTube Channel ലൂടെ സന്ദേശം നൽകി. ഇടവകകളിൽ നവംബർ 06-ാം തീയതി ഞായറാഴ്ച കാറ്റിക്കിസം ടീച്ചേഴ്സ് ഡേ ആഘോഷിക്കുകയും വിശ്വാസപരിശീലകരെ ആദരിക്കുകയും ചെയ്തതിനു എല്ലാ വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി.

ഫാ. പീറ്റർ കണ്ണമ്പുഴ
ഡയറക്ടർ